**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2481** **12-10-2021 - ൽ മറുപടിയ്ക്ക്**

**മാർജിൻ മണി ഗ്രാൻഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട സംരംഭകർക്കായുള്ള മാർജിൻ മണി ഗ്രാൻഡ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കി കൊണ്ട് അർഹരായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക എന്നതാണ് ചെറുകിട സംരംഭകർക്കായുള്ള മാർജിൻ മണി ഗ്രാൻഡ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറു സംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപ വരെ പ്രോജക്ട് ചെലവ് വരുന്ന യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി, സംരംഭകർ താലൂക്ക് വ്യവസായ ആഫീസുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. താലൂക്ക് വ്യവസായ ഓഫീസർ, അപേക്ഷ ശുപാർശ ചെയ്ത് ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നൽകുന്നു. ജനറൽ മാനേജരാണ് സംരംഭകർക്ക് ആനുകൂല്യം അനുവദിക്കുന്നത്. |
| (ബി) | ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി വായ്പാ തുക എത്രയാണെന്ന് അറിയിക്കുമോ; | (ബി) | ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. 1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ - ആകെ പ്രോജക്ട് ചെലവിന്റെ 40% 2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ 3. വ്യവസായ വകുപ്പിന്റെ മാർജിൻ മണി ഗ്രാന്റ് - |

| | | | |
|---|---|---|---|
| | | | ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം |
| (സി) | പ്രസ്തുത പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | പ്രസ്തുത പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന്റെ ഭാഗമായി, 40 വയസ്സുവരെയുള്ള യുവസംരംഭകർക്ക് അനുവദനീയമായ മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനമായി ഉയർത്തിയും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനമായി നിജപ്പെടുത്തിയും നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ